NEW SCHOOLS

677. [17] **Sri. Kannara Gopala Panicker:** Will the Hon'ble Minister for Education be pleased to state whether the Government have sanctioned any Sanskrit or English High schools in the State of Travancore-Cochin against the report of the Special Officers?

Minister for Education, Labour and Civil Supplies: **(Sri. Panampilli Govinda Menon:)** Schools were sanctioned by the Government after taking into consideration all aspects including local educational need and invariably in consultation with the Director of Public Instruction and the Special Officer.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്ടിനു എതിരായി ഗവണ്മെണ്ടു, സ്കൂൾ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുക്കാൻ പാടില്ലെന്നു് റിപ്പോർട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഏതു സംസ്കൃത സ്കൂളുകളാണു് ഹൈസ്കൂൾ ആക്കണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനു് ഞാൻ മുമ്പേ ഉത്തരം പറഞ്ഞിട്ടുണ്ടു്, ഉദ്ദേശം ന ൭ ആണെന്നു് തോന്നുന്നു.

ഓവർലാപ്പിംഗ് സ്കീംസ്

*ന ൭൭൬. (൭൭൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഓവർലാപ്പിംഗ് സ്കീംസിനെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ നിയമിച്ചിരുന്ന സ്പെഷ്യൽ ഓഫിസർ ഗവണ്മെണ്ടിലേക്കു റിപ്പോർട്ടു് സമർപ്പിച്ചോ;

(ബി) എന്നാണു്; റിപ്പോർട്ടു് മുക്കാലം എന്താണു്;

(സി) ആ റിപ്പോർട്ടു് ഗവണ്മെണ്ടു അംഗീകരിച്ചിട്ടുണ്ടോ?

(ഡി) ആ റിപ്പോർട്ടിനു വിപരീതമായി ഗവണ്മെണ്ടു പ്രവർത്തിച്ചിട്ടുണ്ടോ;

(ഇ) ആ റിപ്പോർട്ടു് പരസ്യപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ ഒരു പ്രതി മേശപ്പുറത്തു വെക്കുവാൻ ഭയവുണ്ടാകുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഈ ഉദ്യോഗസ്ഥൻ ഒരു പ്രാരംഭ സർവ്വേ നടത്തുകയാണു് ഉണ്ടായതു്. ഫൈനൽ റിപ്പോർട്ടു് തയ്യാറാക്കുന്നതിനു മുമ്പേ ജോലിക്കു് നിയുക്തനായിരുന്ന ഉദ്യോഗസ്ഥനു് പെൻഷൻ ആകുകയും ചെയ്തു. അതിനെത്തുടർന്നു് ഇപ്പോൾ ഈ ജോലി മാരോ ഡിവിഷനിലും ഉള്ള ഇൻസ്പെക്ടർമാരെക്കൊണ്ടുതന്നെയാണു് നടത്തിച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ റിപ്പോർട്ടു തയ്യാറായി കഴിഞ്ഞിട്ടില്ല.

(ബി മുതൽ ഈ വരെ) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ഉദ്യോഗസ്ഥൻ എത്രകാലം സ്പെഷ്യൽ ആഫീസറായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാലഞ്ചു മാസത്തേക്കു്.

LIBRARY ARCHIVES Kerala Legislative Assembly